**പതിമൂന്നാം കേരള നിയമസഭ**

**പന്ത്രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1271      04-12-2014 -ൽ മറുപടിക്ക്

**പ്രകൃതിക്ഷോഭം മൂലം കൃഷിനാശം സംഭവിച്ച കർഷകർക്ക് നഷ്ടപരിഹാരം**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. എ.കെ.ശശീന്ദ്രൻ** | | **ശ്രീ.അടൂർ പ്രകാശ്**<br>**(റവന്യൂവും കയറും വകുപ്പ് മന്ത്രി)** |
| എ) | പ്രകൃതിക്ഷോഭം മൂലം കൃഷിനാശം സംഭവിച്ച കർഷകർക്ക് 11.06.2012-ലെ സ.ഉ.(എം.എസ്) നം.239/12/ഡി.എം.ഡി പ്രകാരം നൽകിവന്നിരുന്ന നഷ്ടപരിഹാരം ഗണ്യമായി വെട്ടിക്കുറച്ച കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ)<br>ബി)<br>സി) | SDRF/NDRF മാനദണ്ഡത്തിനേക്കാൾ ഉപരിയായി കർഷകർക്ക് ധനസഹായം നൽകുന്നതിന് ദുരന്ത നിവാരണ വകുപ്പിൽ ഫണ്ട് ലഭ്യമല്ല. കേന്ദ്ര സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാനദണ്ഡമനുസരിച്ച് മാത്രമേ സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും ധനസഹായം അനുവദിക്കാൻ കഴിയൂ. 21.08.2014 ലെ സ.ഉ(എം.എസ്) നം. 361/2014/ഡി.എം.ഡി. നമ്പർ പ്രകാരമാണ് നിലവിൽ ധനസഹായം അനുവദിക്കുന്നത്. എസ്.ഡി.ആർ.എഫ്. മാനദണ്ഡങ്ങൾ അധികരിച്ച് കൃഷിനാശത്തിന് ധനസഹായം നൽകുന്നത് അധിക സാമ്പത്തിക ബാധ്യത വരുത്തുമെന്ന് കൃഷി വകുപ്പ് വിലയിരുത്തിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യം കൃഷി വകുപ്പ് പരിശോധിച്ച് വരുകയാണ്. |
| ബി) | കൂടുതൽ കൃഷിനാശം സംഭവിച്ച തെങ്ങ്, വാഴ എന്നിവയ്ക്ക് നൽകിവന്നിരുന്ന നഷ്ടപരിഹാരത്തുക ഭീമമായി വെട്ടിക്കുറച്ചതിനാൽ കർഷകർക്ക് സാമ്പത്തികമായി ബുദ്ധിമുട്ട് അനുഭവപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | | |
| സി) | എങ്കിൽ കർഷകരുടെ ബുദ്ധിമുട്ടുകൾക്ക് പരിഹാരമായി 11.06.2012-ലെ സർക്കാർ ഉത്തരവ് പുനഃസ്ഥാപിക്കുന്നതിനാവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ